**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1124** **06-02-2023 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിൽ ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ഒറ്റപ്പാലം മണ്ഡലത്തിൽ ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ; | (എ) | ജല ജീവൻ മിഷൻ പദ്ധതിയിൽ ആകെ ഭരണാനുമതി നൽകിയ 30714 FHTC-യിൽ നിന്ന് 28016 FHTC-കൾക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുകയും അതിൽ 20473 FHTC-കൾക്ക് വർക്ക് അവാർഡ് ചെയുകയും ചെയ്തു.<br><br>ജല ജീവൻ മിഷൻ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന ഒറ്റപ്പാലം മണ്ഡലത്തിൽ വിവിധ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>മണ്ഡലത്തിലെ ജല ജീവൻ മിഷൻ പദ്ധതികളുടെ വിശദ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നിലവിൽ സ്വീകരിച്ചിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ? | (ബി) | ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ മറ്റ് പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം 3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

**ജല ജീവൻ മിഷൻ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന ഒറ്റപ്പാലം മണ്ഡലത്തിൽ വിവിധ പ്രവർത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക**

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീട്ടുകൾ | JJM നു മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ (31.01.2023 വരെ) | നിലവിൽ മൊത്തം കണക്ഷൻ (31.01.2023 വരെ) |
|---|---|---|---|---|---|---|
| അമ്പലപ്പാറ | 8795 | 2413 | 6682 | 4022.50 | 4965 | 7378 |
| കടമ്പഴിപ്പുറം | 8310 | 2844 | 5466 | 1690.23 | 2972 | 5816 |
| കരിമ്പുഴ | 7972 | 3578 | 4799 | 1944.92 | 2303 | 5881 |
| ലക്കിടി-പേരൂർ | 7464 | 4666 | 2798 | 2916.34 | 105 | 4771 |
| പൂക്കോട്ടുകാവ് | 4147 | 1299 | 2848 | 1264.84 | 2320 | 3619 |
| ശ്രീകൃഷ്ണപുരം | 6131 | 3031 | 3100 | 1316.57 | 2015 | 5046 |
| തച്ചനാട്ടുകര | 6025 | 1527 | 5021 | 5572.73 | 341 | 1868 |
| **ആകെ** | **48,844** | **19,358** | **30,714** | **18,728.13** | **15,021** | **34,379** |

അനുബന്ധം 2

| ഒറ്റപ്പാലം നിയോജകണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികൾ<br>(എ പാർട്ട്) | | | | | |
|---|---|---|---|---|---|
| **പഞ്ചായത്ത്** | **ഭരണാനുമതി നൽകിയ കണക്ഷൻ** | **ഭരണാനുമതി തുക (ലക്ഷം)** | **നിലവിലെ സ്ഥിതി** | **ഇതുവരെ നൽകിയ ഗാർഹിക കണക്ഷനുകളുടെ എണ്ണം** | **പൂർത്തീകരിക്കാനുദ്ദേശിക്കുന്ന തീയതി** |
| അമ്പലപ്പാറ | 1200 | 253.5 | പ്രവൃത്തി പൂർത്തീകരിച്ചു | 1200 | |
| അമ്പലപ്പാറ | 300 | 41 | പ്രവൃത്തി പൂർത്തീകരിച്ചു | 272 | |
| അമ്പലപ്പാറ | 5182 | 3728 | അമ്പലപ്പാറ പഞ്ചായത്തിൽ ആകെ 215 കി.മീറ്ററിൽ 142 കി.മീറ്ററോളം പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. പ്രവൃത്തി ആകെ 57 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. | 1727 കുടിവെള്ള കണക്ഷനുകളും 415 എച്ച്.ടി.സി കളും നൽകിയിട്ടുണ്ട്. | 31.03.2023 |
| കടമ്പഴിപ്പുറം | 1208 | 188.23 | പ്രവൃത്തി പൂർത്തീകരിച്ചു | 759 | |
| കടമ്പഴിപ്പുറം | 400 | 56 | പ്രവൃത്തി പൂർത്തീകരിച്ചു | 400 | |
| കടമ്പഴിപ്പുറം | 3858 | 1446 | പ്രവൃത്തി പുരോഗമിച്ചുവരുന്നു | 1350 | 31.05.2023 |
| കരിമ്പുഴ | 1572 | 182.86 | പ്രവൃത്തി പൂർത്തീകരിച്ചു | 1554 | |
| കരിമ്പുഴ | 350 | 51 | പ്രവൃത്തി പൂർത്തീകരിച്ചു | 321 | |
| കരിമ്പുഴ | 55 | 302.06 | പ്രവൃത്തി പൂർത്തീകരിച്ചു | 55 | |
| കരിമ്പുഴ | 2822 | 1409 | ടെണ്ടർ അംഗീകാരത്തിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | വർക്ക് ഓർഡർ തീയതി മുതൽ 12 മാസമാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി | |
| ലക്കിടി പേരൂർ | 100 | 16.5 | പ്രവൃത്തി പൂർത്തീകരിച്ചു | 60 | |

<table>
<tr><th>പഞ്ചായത്ത്</th><th>ഭരണാനുമതി നൽകിയ കണക്ഷൻ</th><th>ഭരണാനുമതി തുക (ലക്ഷം)</th><th>നിലവിലെ സ്ഥിതി</th><th>ഇതുവരെ നൽകിയ ഗാർഹിക കണക്ഷനുകളുടെ എണ്ണം</th><th>പൂർത്തീകരിക്കാനുദ്ദേശിക്കുന്ന തീയതി</th></tr>
<tr><td>ലക്കിടി പേരൂർ</td><td>2698</td><td>2899.84</td><td>സാങ്കേതികാനുമതിയ്ക്കായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.</td><td></td><td></td></tr>
<tr><td>പൂക്കോട്ടുകാവ്</td><td>692</td><td>123.84</td><td>പ്രവൃത്തി പൂർത്തീകരിച്ചു</td><td>898</td><td></td></tr>
<tr><td>പൂക്കോട്ടുകാവ്</td><td>210</td><td>37</td><td>പ്രവൃത്തി പൂർത്തീകരിച്ചു</td><td>199</td><td></td></tr>
<tr><td>പൂക്കോട്ടുകാവ്</td><td>1946</td><td>1104</td><td>പ്രവൃത്തി പുരോഗമിച്ചുവരുന്നു</td><td>1134</td><td>10.02.2023</td></tr>
<tr><td>ശ്രീകൃഷ്ണപുരം</td><td>609</td><td>118.57</td><td>പ്രവൃത്തി പൂർത്തീകരിച്ചു</td><td>609</td><td></td></tr>
<tr><td>ശ്രീകൃഷ്ണപുരം</td><td>300</td><td>47</td><td>പ്രവൃത്തി പൂർത്തീകരിച്ചു</td><td>251</td><td></td></tr>
<tr><td>ശ്രീകൃഷ്ണപുരം</td><td>2191</td><td>1151</td><td>പ്രവൃത്തി പുരോഗമിച്ചുവരുന്നു</td><td>570</td><td>31.05.2023</td></tr>
<tr><td>തച്ചനാട്ടുകര</td><td>300</td><td>51.6</td><td>പ്രവൃത്തി പൂർത്തീകരിച്ചു</td><td>300</td><td></td></tr>
<tr><td>തച്ചനാട്ടുകര</td><td rowspan="2">4721</td><td>4733.33</td><td rowspan="2">ടെണ്ടറിൽ 4 പേർ പങ്കെടുത്തതിൽ 2 പേർ അയോഗ്യരായി. യോഗ്യരായ രണ്ട് പേരെ ഉൾപ്പെടുത്തി ടെണ്ടറിന്റെ പ്രൈസ് ബിഡ് തുറന്ന് ചീഫ് എഞ്ചിനീയർ, കോഴിക്കോട് ടെണ്ടറിന് അംഗീകാരം നൽകിയിട്ടുണ്ട്. ഈ ഘട്ടത്തിൽ അയോഗ്യരായ കരാറുകാരിൽ ഒരാൾ ബഹു. ഹൈക്കോടതിയെ സമീപിച്ച് തുടർവ്യവഹാര നടപടികൾ നടന്നുവരുന്നു. ആയതിനാൽ പ്രവൃത്തി ഉത്തരവ് നൽകിയിട്ടില്ല.</td><td rowspan="2">വർക്ക് ഓർഡർ തീയ്യതിയ മുതൽ 18 മാസമാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി</td><td rowspan="2"></td></tr>
<tr><td>തച്ചനാട്ടുകര</td><td>787.8</td></tr>
<tr><td></td><td>30714</td><td>18728.13</td><td></td><td></td><td></td></tr>
</table>

**അനുബന്ധം 3**

| (ബി പാർട്ട്) ഒറ്റപ്പാലം നിയോജകണ്ഡലത്തിലെ നടപ്പാക്കുന്ന മറ്റു പ്രവൃത്തികൾ | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഭരണാനുമതി തീയതി | നിലവിലെ സ്ഥിതി | പൂർത്തീകരിക്കാനുദ്ദേശി ക്കുന്ന തീയതി |
| 1 | അമൃത് 2.0 – ഒറ്റപ്പാലം ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം | 1075 | 24.11.2022 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. | 31.12.2023 |
| 2 | ഒറ്റപ്പാലം മുനിസിപ്പാലിറ്റി - നിക്ഷേപ പ്രവൃത്തി - വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി - ഭാഗം 1 | 20 | 24.02.2022 | 25% പ്രവൃത്തി പൂർത്തികരിച്ചു. | 15.03.2023 |
| 3 | ഒറ്റപ്പാലം മുനിസിപ്പാലിറ്റി - നിക്ഷേപ പ്രവൃത്തി - വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി - ഭാഗം 2 | 20 | 14.03.2022 | 85% പ്രവൃത്തി പൂർത്തികരിച്ചു. | 15.02.2023 |
| 4 | റോഡ് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് ശ്രീകൃഷ്ണപുരം ഹോസ്പിറ്റൽ ജംഗ്ഷൻ മുതൽ മുറിയംകണ്ണി പാലം വരെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി | 282.35 | 29.07.2022 | പ്രവൃത്തിയുടെ പൈപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. | 31.05.2023 |

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഭരണാനുമതി തീയതി | നിലവിലെ സ്ഥിതി | പൂർത്തീകരിക്കാനുദ്ദേശിക്കുന്ന തീയതി |
|---|---|---|---|---|---|
| 5 | ഒറ്റപ്പാലം നഗരസഭയിലെ ചേരിക്കുന്ന് പ്രദേശത്തേക്ക് പുതിയ പൈപ്പുലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി | 39.2 | 18.05.2022 | യാഥാസ്ഥിതിക എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. | 31.05.2023 |
| 6 | ഒറ്റപ്പാലം ശുദ്ധജലവിതരണ പദ്ധതിയിലെ റോ വാട്ടർ പമ്പ് ഹൗസ് സ്ഥിതി ചെയ്യുന്ന മീറ്റ്ന ചെക്ക് ഡാമിൽ 2018 ലെ പ്രളയം മൂലം നഷ്ടപ്പെട്ട മണ്ണ് നിറയ്ക്കുന്ന പ്രവൃത്തി | 20 | 18.05.2022 | പ്രവൃത്തി നിർവഹണോത്തരവ് നൽകി കരാർ നടപ്പിലാക്കിയിട്ടുണ്ട്. | 13.02.2023 |
| 7 | ഒറ്റപ്പാലം ശുദ്ധജല വിതരണ പദ്ധതിയുടെ റോ വാട്ടർ പമ്പ് ഹൗസിലേക്ക് പ്രത്യേക എച്ച്.ടി പവർ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി | 100.31 | 28.05.2022 | നടപടികൾ സ്വീകരിച്ചു വരുന്നു. | 31.05.2023 |
| 8 | ഒറ്റപ്പാലം ശുദ്ധജല വിതരണ പദ്ധതിയിലെ പാലക്കാട് ഷൊർണ്ണൂർ റെയിൽവേ ട്രാക്കിനു സമീപമുള്ള വലിയ ചോർച്ച് മാറ്റുന്ന പ്രവൃത്തി | 10 | 18.05.2022 | 10% പ്രവൃത്തി പൂർത്തികരിച്ചു. | 30.04.2023 |
| 9 | ഒറ്റപ്പാലം നഗരസഭയിലെ പഴയ കേടായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി | 605 | 20.08.2018 | 71% പൂർത്തീകരിച്ചു | 31.05.2023 |

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഭരണാനുമതി തീയതി | നിലവിലെ സ്ഥിതി | പൂർത്തീകരി ക്കാനുദ്ദേശി ക്കുന്ന തീയതി |
|---|---|---|---|---|---|
| 10 | ഒറ്റപ്പാലം ശുദ്ധജലവിതരണ പദ്ധതിയിലെ റോ വാട്ടർ പമ്പ് ഹൗസ് സ്ഥിതി ചെയ്യുന്ന മീറ്റ്ന ചെക്ക് ഡാമിലെ മരത്തടയണ മാറ്റി ഇരുമ്പ് ഷീറ്റ് തടയണ സ്ഥാപിക്കുന്ന പ്രവൃത്തി | 19.5 | 8.10.2020 | 85% പൂർത്തീകരിച്ചു | 31.03.2023 |
| 11 | വരൾച്ചാ ദുരിതാശ്വാസ പദ്ധതി - 2023 - തച്ചനാട്ടുകര പഞ്ചായത്തിലെ വരൾച്ചാ കാലഘട്ടത്തിൽ സ്ലൂയിസ് വാൾവുകൾ സ്ഥാപിച്ച് ജലവിതരണം നിയന്ത്രിക്കുന്ന പദ്ധതി | 0.5 | 10.10.2022 | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. | 31.05.2023 |
| 12 | വരൾച്ചാ ദുരിതാശ്വാസ പദ്ധതി - 2023 - തച്ചനാട്ടുകര പഞ്ചായത്ത്- വരൾച്ചാ കാലഘട്ടത്തിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി മുറിയംകണ്ണി പുഴയിൽ താൽക്കാലിക തടയണ സ്ഥാപിക്കുന്ന പ്രവൃത്തി | 1.5 | 12.10.2022 | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. | 31.05.2023 |